WS-2-SS201(M)

# തിരുവനന്തപുരം വിദ്യാഭ്യാസ ജില്ല

## സാമൂഹ്യശാസ്ത്രം II (സ്റ്റാൻഡേർഡ് 10)

## വർക്ക്ഷീറ്റ് - 2







**1 ബ്രാക്കറ്റിൽ നിന്നും ഉത്തരം കണ്ടെത്തി എഴുതുക**

(a) 180° രേഖാംശരേഖ അറിയപ്പെടുന്നത്

( ഗ്രീനിച്ച് രേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ , അന്താരാഷ്ട്ര ദിനാങ്കരേഖ )

(b) ഡിസംബർ 22 മുതൽ മാർച്ച് 21 വരെയുള്ള കാലയളവിൽ ഉത്തരാർദ്ധഗോളത്തിൽ അനുഭവപ്പെടുന്ന പ്രധാന ഋതു

( ഗ്രീഷ്മം, വസന്തം, ഹേമന്തം, ശൈത്യം )

(c) ആഗോളവാതങ്ങളിൽ ഉൾപ്പെടാത്തത് ഏത് ?

( ചക്രവാതങ്ങൾ, വാണിജ്യവാതങ്ങൾ, പശ്ചിമവാതങ്ങൾ, ധ്രുവീയപൂർവവാതങ്ങൾ )

(d) ഉഷ്ണകാലത്ത് ഉത്തരേന്ത്യൻ സമതലങ്ങളിൽ വീശുന്ന വരണ്ട കാറ്റ്

(ചിനൂക്ക്, ഹർമാറ്റൻ ,ഫൊൻ, ലൂ )

**2 ചിത്രം നിരീക്ഷിച്ച് തന്നിരിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കുക**



**a) സൂര്യന്റെ അയനം വ്യക്തമാക്കുക.**

**b) നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.**

- മാർച്ച് 21
- ജൂൺ 21
- സെപ്തംബർ 23
- ഡിസംബർ 22

*മാർച്ച് 21
*സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ
*ഉത്തരാർധഗോളത്തിലും ദക്ഷിണാർധഗോളത്തിലും തുല്യ അളവിൽ സൂര്യപ്രകാശം ലഭിക്കുന്നു
*രണ്ട് അർധഗോളങ്ങളിലും രാത്രിയുടെയും പകലിന്റെയും ദൈർഘ്യം തുല്യം

* ജൂൺ 21

* സെപ്തംബർ 23

* ഡിസംബർ 22

**c) പട്ടിക പൂർത്തിയാക്കുക**

| ദിനം | സൂര്യന്റെ ആപേക്ഷിക സ്ഥാനം | ദിവസത്തിന്റെ പ്രത്യേകത |
|---|---|---|
| മാർച്ച് 21 | ഭൂമധ്യരേഖ | A |
| B | ഉത്തരായനരേഖ | ഗ്രീഷ്മ അയനാന്തദിനം |
| സെപ്തംബർ 23 | C | വിഷുവം |
| D | ദക്ഷിണായനരേഖ | ശൈത്യ അയനാന്തദിനം |

**3 പരിക്രമണത്തോടൊപ്പം ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി ഭ്രമണം ചെയ്യുന്നു. ഭ്രമണവുമായി ബന്ധപ്പെട്ട വസ്തുതകൾ കൂട്ടിച്ചേർക്കുക**

രാത്രിയും പകലും ഉണ്ടാകുന്നു.

**4 പൂജ്യം ഡിഗ്രി രേഖാംശരേഖയെ ഗ്രീനിച്ച് രേഖ എന്നറിയപ്പെടുന്നു. ഗ്രീനിച്ച് സമയവും ഇന്ത്യൻ സ്റ്റാൻഡേർഡ് സമയവും എന്തെന്ന് വിശദമാക്കുക**

ഗ്രീനിച്ച് സമയം

ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

TVM EDL DIST

**5. ഉയരം കൂടുന്നതനുസരിച്ച് അന്തരീക്ഷമർദം കുറഞ്ഞു വരുന്നു. ഏകദേശം 10 മീറ്റർ ഉയരത്തിന് 1 മില്ലി ബാർ എന്ന തോതിലാണ് മർദം കുറയുന്നത്. താപവും ആർദ്രതയും അന്തരീക്ഷമർദത്തെ എങ്ങനെ സ്വാധീനിക്കുന്നു?**

- 
- 
- 
- 

**6. 'A' കോളത്തിന് അനുയോജ്യമായവ 'B' കോളത്തിൽ നിന്നും കണ്ടെത്തി പട്ടിക ക്രമപ്പെടുത്തുക**

| A | B |
|---|---|
| റോക്കി പർവതനിര | ഹർമാറ്റൻ |
| ആൽപ്സ് പർവതനിര | ചിനൂക്ക് |
| സഹാറ മരുഭൂമി | മാംഗോഷവേഴ്സ് |
| ദക്ഷിണേന്ത്യ | ഫൊൻ |

**7. സൂചനകളിൽ നിന്ന് അനുയോജ്യമായവ പട്ടികപ്പെടുത്തുക**

- ➔ അന്തരീക്ഷത്തിൽ ഒരു ന്യൂനമർദപ്രദേശവും അതിനുചുറ്റുമായി ഉച്ചമർദവും സൃഷ്ടിക്കപ്പെടുന്നത് ചക്രവാതങ്ങൾ രൂപംകൊള്ളുന്നതിന് കാരണമാകുന്നു.
- ➔ ഉച്ചമർദ്ദ കേന്ദ്രങ്ങളിൽനിന്നും ചുറ്റുമുള്ള ന്യൂനമർദപ്രദേശങ്ങളിലേക്ക് ശക്തമായി കാറ്റ് ചുഴറ്റി വീശുന്ന പ്രതിഭാസമാണ് പ്രതി ചക്രവാതങ്ങൾ.
- ➔ ന്യൂനമർദ കേന്ദ്രങ്ങളിലേക്ക് ചുറ്റുമുള്ള ഉച്ചമർദപ്രദേശങ്ങളിൽ നിന്നും അതിശക്തമായി കാറ്റ് ചുഴറ്റി വീശുന്നു.

TVM EDL DIST

➔ കൊറിയോലിസ് പ്രഭാവത്താൽ ഉത്തരാർധഗോളത്തിലെ ചക്രവാതങ്ങളിൽ കാറ്റ് വീശുന്നത് ഘടികാരദിശയിലും ദക്ഷിണാർധഗോളത്തിൽ എതിർ ഘടികാരദിശയിലുമാണ്

➔ കൊറിയോലിസ് പ്രഭാവത്താൽ ഉത്തരാർധഗോളത്തിലെ ചക്രവാതങ്ങളിൽ കാറ്റുവീശുന്നത് എതിർഘടികാരദിശയിലും ദക്ഷിണാർധഗോളത്തിൽ ഇത് ഘടികാര ദിശയിലുമാണ്

**ചക്രവാതങ്ങൾ** **പ്രതി ചക്രവാതങ്ങൾ**

**8. ഉച്ചമർദമേഖലയിൽനിന്ന് ന്യൂനമർദമേഖലയിലേക്കുള്ള വായുവിന്റെ തിരശ്ചീന ചലനമാണ് കാറ്റുകൾ**



**9.ചിത്രത്തിന്റെ സഹായത്തോടെ ആഗോളമർദമേഖലകൾ കണ്ടെത്തുക**




- മധ്യരേഖ ന്യൂനമർദമേഖല
- 
- 
- 

10. നിശ്ചിത ഇടവേളകളിൽ മാത്രം ആവർത്തിച്ചുണ്ടാകുന്ന കാറ്റുകളാണ് കാലികവാതങ്ങൾ

A)




TVM EDL DIST

B) മൺസൂൺ എന്ന പദം രൂപപ്പെട്ട അറബി പദം

C) മൺസൂൺ രൂപം കൊള്ളാനുള്ള ഘടകങ്ങൾ

- സൂര്യന്റെ അയനം
- 
- 

**അമൃത് മഹോത്സവവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർവ്വഹിക്കേണ്ട പ്രാദേശിക ചരിത്രരചനയുടെ രീതീശാസ്ത്രം പരിചയപ്പെടാം.**

### എന്താണ് പ്രാദേശിക ചരിത്രരചന

പ്രാദേശിക ചരിത്രരചന എന്നത് പല രീതിയിലും നിർവചിക്കപ്പെട്ടിട്ടുണ്ട് .ഒരു പ്രദേശത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും ഒരു സമഗ്ര ചിത്രമാണ് പ്രദേശിക ചരിത്രം.ഒരു രാഷ്ട്രത്തിന്റെ ചരിത്രം പൂർത്തിയാകണമെന്നുണ്ടെങ്കിൽ പ്രാദേശികമായ സംസ്കൃതികളുടെയും ശേഷിപ്പുകളുടെയും പഠനം അനിവാര്യമാണ് . തങ്ങൾ ജീവിക്കുന്ന പ്രദേശത്തിന്റ ചരിത്രവും സംസ്കാരവും മനസിലാക്കുന്നതിനും അതിന്റെ വൈവിധ്യപൂർണ്ണമായ പൈതൃകത്തെ സംബന്ധിക്കുന്ന അറിവും ചരിത്ര ബോധവും വ്യക്തികളിൽ വളർത്തുന്നതിൽ ചരിത്രരചന വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

നമ്മുടെ ഓരോ പ്രദേശത്തിനും ഒരു ചരിത്രമുണ്ടാകും. എന്നാൽ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ ചരിത്രതാളുകളിൽ അടയാളപ്പെടുത്തിയിട്ടുണ്ടാവില്ല. പ്രാദേശിക ചരിത്രരചന ഇതിനുള്ള ഒരു അവസരംകൂടിയാണ്. നിങ്ങളുടെ പ്രദേശത്തെ ചരിത്രശേഷിപ്പുകൾ , സ്മാരകങ്ങൾ , കൃഷിയുടെ വികാസം , സാമൂഹ്യപ്രസ്ഥാനങ്ങൾ, നവോത്ഥാന നായകർ, ജനങ്ങളുടെ ജീവിതരീതി തുടങ്ങിയവ കണ്ടെത്താനും മനസ്സിലാക്കാനുമുള്ള ഒരു അവസരം കൂടിയാണിത്.

TVM EDU DIST

## പ്രാദേശിക ചരിത്രരചനയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെട്ടാലോ ?

### ഘട്ടങ്ങൾ

# വിഷയത്തിന്റെ പേര്
# ആമുഖം
# ഉള്ളടക്കം
# വിവരശേഖരണം
# വിശകലനവും അപഗ്രഥനവും
# രചന നിർവഹണം
# ഉപസംഹാരം
# അനുബന്ധം
# സഹായഗ്രന്ഥങ്ങൾ

**ഉള്ളടക്കം**

1 .പ്രദേശത്തിന്റെ അക്ഷാംശീയ, രേഖാംശീയ സ്ഥാനം,അതിർത്തി
2 .ഭൂമിശാസ്ത്രപരമായ സവിശേഷതകൾ
3 .സ്ഥലനാമ ചരിത്രം
4. ചരിത്ര പ്രാധാന്യം
5. ആചാരങ്ങൾ
6. അനുഷ്ഠാന കലകൾ
7. ജനജീവിതം
8.സാമൂഹ്യ പ്രസ്ഥാനങ്ങൾ
9.നവോഥാന പ്രസ്ഥാനങ്ങൾ
തുടങ്ങിയവ

**വിവരശേഖരണം**

ഒരു ചരിത്രരചനയെ സംമ്പൂർണവും വസ്തുനിഷ്ഠവുമാക്കുന്നത് തെളിവുകളാണ്. പ്രാദേശിക ചരിത്രരചനയിൽ പുരാതന രേഖകൾ, ലിഖിതങ്ങൾ, നിർമ്മിതികൾ, വ്യക്തികളുമായുള്ള അഭിമുഖം, തദ്ദേശീയ സ്ഥാപനങ്ങളുടെ പദ്ധതിരേഖകൾ, പ്രദേശത്തിന്റെ ചരിത്രവുമായി ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ ഇവയെല്ലാം സഹായകരമാണ്

TVM DIST